(ഡി) ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്താത്തതിനാൽ രജിസ്ട്രേഷനും മറ്റും ടൗൺ പോലീസ് സ്റ്റേഷനെ ആശ്രയിക്കുന്നതിൽ പൊതുജനങ്ങൾക്കും, പോലീസ് ഉദ്യോഗസ്ഥന്മാർക്കുമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) എങ്കിൽ പ്രസ്തുത ട്രാഫിക് യൂണിറ്റ് ട്രാഫിക് സ്റ്റേഷനായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

തലപ്പുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

64 (1809) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ തലപ്പുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ (2010-11) 30 ലക്ഷം രൂപ വയനാട് ജില്ലയിലെ തലപ്പുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടികൾക്കായി കെ.പി.എച്ച്.സി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ

65 (1810) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത് ; ഇവ സർക്കാർ കെട്ടിടത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

ഇപ്പോൾ 74 പോലീസ് സ്റ്റേഷനുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത പോലീസ് സ്റ്റേഷനുകൾക്ക് ഭൂമി ലഭ്യതയനുസരിച്ച് ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെ.പി.എച്ച്.സി.സി. മുഖേന നടപടിയെടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly